**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **05-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ റെഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നും തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ വിഭാഗം ലൈസൻസികളുടെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ {(Aggregate Revenue Requirement& Expected Revenue from charges – (ARR & ERC)} നിർണ്ണയിക്കേണ്ടത് എപ്രകാരമെന്നും ഇങ്ങനെ നിർണ്ണയിക്കപ്പെടുന്ന വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ താരിഫ് എപ്രകാരമാണ് നിർണ്ണയിക്കേണ്ടതെന്നും പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളാണ് കരട് ചട്ടത്തിലുള്ളത്. കൂടാതെ വിവിധങ്ങളായ മറ്റ് ചാർജ്ജുകൾ (ഇന്ധന സർചാർജ്, ട്രാൻസ്മിഷൻ ചാർജ്, വീലിങ്ങ് ചാർജ്, ക്രോസ് സബ്സിഡി ചാർജ്) നിർണ്ണയിക്കേണ്ടത് എപ്രകാരമാണെന്നും വ്യവസ്ഥ ചെയ്യുന്നു. ടി കരട് താരിഫ് ചട്ടങ്ങളിന്മേൽ ഉപഭോക്താക്കളുടെയും പൊതുജനങ്ങളുടെയും രേഖാമൂലമുള്ള അഭിപ്രായങ്ങൾ ആരായുകയും പൊതു തെളിവെടുപ്പ് നടത്തിയതിനും ശേഷമാണ് അന്തിമ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നത്. |
| (ബി) | വൈദ്യുതി നിരക്കുകൾ എപ്പോൾ വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | നിലവിൽ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല. എന്നാൽ കമ്മീഷൻ പുറപ്പെടുവിച്ച കരട് താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം ARR& ERC പെറ്റീഷനും, താരിഫ് പെറ്റീഷനും പ്രത്യേകം പ്രത്യേകം 15.12.2021-ന് മുമ്പായി സമർപ്പിക്കേണ്ടതുണ്ട്. ഇതിന്മേൽ പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായം രേഖാമൂലം തേടുകയും പൊതു തെളിവെടുപ്പ് നടത്തിയതിനും ശേഷമാണ് ടി പെറ്റീഷനുകളിന്മേൽ തീർപ്പു കൽപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | വൈദ്യുതി നിരക്ക് മാനദണ്ഡങ്ങൾക്ക് എപ്പോൾ അന്തിമ രൂപം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതു ജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിന് ഒരുമാസത്തെ സമയം അനുവദിച്ചിരുന്നു. ഇതെല്ലാം പരിഗണിച്ച് അന്തിമ ചട്ടങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ